## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4765** 14 .11.2019 ൽ മറുപടിക്ക്

## കഴക്കൂട്ടം - മുക്കോല ബൈപാസ്സിന്റെ നിർമ്മാണപ്രവർത്തനം

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴക്കൂട്ടം - മുക്കോല ബൈപാസ്സിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) തിരുവനന്തപുരം ബൈപ്പാസിന്റെ ഭാഗമായ 26.5 കി.മീ നീളമുള്ള കഴക്കൂട്ടം മുക്കോല സ്ട്രെച്ചിന്റെ നിർമ്മാണം 96.42% പൂർത്തിയായിട്ടുണ്ട്. |
| (ബി) 2017 നവംബറിൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട് തുടങ്ങിയ പദ്ധതി നീണ്ടുപോകുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ; | (ബി) പല ജംഗ്ഷനുകളിലും അലൈൻമെന്റിൽ വരുന്ന പൊതുജനങ്ങളുടെ എതിർപ്പ്, സ്ലോപ്പിലുള്ള വ്യതിയാനം, കേരള വാട്ടർ അതോറിറ്റി, കെ.എസ്സ്.ഇ.ബി എന്നീ വിഭാഗങ്ങളുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായുള്ള എസ്റ്റിമേറ്റുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം, മരം മുറിക്കാനുള്ള അനുമതിയ്ക്കുള്ള കാലതാമസം, നിലവിലെ എയർപോർട്ടിന്റെ മുൻവശത്തെ റാമ്പ് പൊളിക്കാതെ ചാക്ക ഫ്ലൈഓവർ നിർമ്മിയ്ക്കുമ്പോൾ സ്ലോപ്പിൽ വന്ന വ്യതിയാനം എന്നീ കാരണങ്ങൾ കൊണ്ടാണ് പദ്ധതി നീണ്ടു പോകുന്നത്. |
| (സി) ഈഞ്ചക്കലിൽ നിർമ്മിക്കുവാൻ തീരുമാനിച്ച അടിപ്പാതയുടെ നിർമ്മാണം നാട്ടുകാരുടെ എതിർപ്പിനെത്തുടർന്ന് മരവിപ്പിച്ചിട്ടുണ്ടോ; | (സി) ഈഞ്ചക്കലിൽ നിർമ്മിക്കുവാൻ തീരുമാനിച്ച അടിപ്പാതയുടെ നിർമ്മാണം നാട്ടുകാരുടെ എതിർപ്പിനെത്തുടർന്ന് മരവിപ്പിച്ചിട്ടുണ്ട്. |
| (ഡി) ഉണ്ടെങ്കിൽ ഇതിന് പകരം എന്ത് സംവിധാനമാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ? | (ഡി) കഴക്കൂട്ടം - മുക്കോല ബൈപാസ്സ് നിർമ്മാണത്തിന്റെ ഭാഗമായ ഈഞ്ചക്കൽ ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുന്നതിനായി സ്ലോപ്പിൽ മാറ്റം വരുത്താൻ തീരുമാനിച്ചെങ്കിലും പൊതുജനങ്ങളുടെ എതിർപ്പ് മൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ കോൺട്രാക്റ്റിൽ വിഭാവനം ചെയ്ത പോലെ ജംഗ്ഷന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ